I ഇ.ബി. XIII-കേരള നിയമസഭ/XII-2

പതിമൂന്നാം കേരള നിയസഭ

പന്ത്രണ്ടാം സമ്മേളനം

# നിയമസഭാ നടപടികൾ -- സംഗ്രഹം

# (ചോദ്യോത്തരങ്ങൾ ഒഴികെ)

2014 ഡിസംബർ 2, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തരസമയം)

(പ്രതിപക്ഷ നേതാവിന് ചോദ്യം ചോദിക്കാനുള്ള അവസരം നിഷേധിച്ചതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ പ്രതിപക്ഷനിരയുടെ മുന്നിൽ വന്ന് ബഹളം വച്ച് സഭാ നടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു. ഒരു ചോദ്യം കഴിഞ്ഞ് അടുത്ത ചോദ്യത്തിലേക്ക് പ്രവേശിച്ചശേഷമുള്ള പ്രതിപക്ഷനേതാവിന്റെ ചോദ്യം സഭാ നടപടി ചട്ടം അനുസരിച്ച് അനുവദിക്കാൻ നിർവ്വാഹമില്ലെന്ന് ഡെപ്യൂട്ടി സ്പീക്കർ റൂൾ ചെയ്യുകയും അടുത്ത നടപടിയിലേക്ക് കടക്കുകയും ചെയ്തു. തുടർന്ന് പ്രതിപക്ഷാംഗങ്ങൾ

അവരവരുടെ സീറ്റുകളിലേയ്ക്ക് തിരികെ പോയി. )

**അടിയന്തരപ്രമേയം**

## നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധന

മി. ഡെപ്യൂട്ടി സ്പീക്കർ: ധനപ്രതിസന്ധിയുടെ പേരിൽ പൊതു കമ്പോളത്തിലിടപെടാനുള്ള നടപടികൾ വേണ്ടെന്നുവച്ചും ഭക്ഷ്യസുരക്ഷാപദ്ധതി കടലാസിലൊതുക്കിയും സപ്ലൈകോയുടെ ലാഭം വർദ്ധിപ്പിക്കാൻ നിർദ്ദേശിച്ചും സർക്കാർ കമ്പോളത്തിൽനിന്നും പിൻമാറിയതിനാലും അരിയും പലവ്യഞ്ജനങ്ങളും പച്ചക്കറികളുമുൾപ്പെടെ സകല അവശ്യ ഭക്ഷ്യവസ്തുക്കൾക്കും വില കുതിച്ചുയർന്നിരിക്കുന്നതിനാലും ഉളവായിട്ടുള്ള ഗുരുതരമായ സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ സി. ദിവാകരൻ, പി. ശ്രീരാമകൃഷ്ണൻ, സി. കെ. നാണു, എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം തടയുന്നതിന് വിപണിയിലിടപെട്ടുകൊണ്ട് മാർക്കറ്റ്

വിലയേക്കാൾ വിലകുറച്ച് നിത്യോപയോഗ സാധനങ്ങൾ ജനങ്ങളിൽ എത്തിക്കുകയെന്നതാണ് സർക്കാരിന്റെ പ്രഖ്യാപിതനയം. ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിലെ ജനങ്ങൾക്ക് പതിമൂന്നിനം നിത്യോപയോഗ സാധനങ്ങൾ സബ്സിഡി ഇനത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന നൽകിവരുന്നു. ഏഴ് വർഷങ്ങൾക്കുശേഷമാണ് സർക്കാർ നിത്യോപയോഗ സാധനങ്ങളുടെ വില റിവൈസ് ചെയ്തുകൊണ്ടു വന്നിരിക്കുന്നത്. ഇരുപത് മുതൽ മുപ്പത്തിയഞ്ച് ശതമാനംവരെ വിലക്കുറവ് സപ്ലൈകോ ഔട്ട് ലെറ്റുകളിലൂടെ നൽകുന്നുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം മാവേലി സ്റ്റോറുകളുടെ 96 ഔട്ട് ലെറ്റുകൾ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തിന്റെ പല പ്രദേശങ്ങളിലുമായി ആരംഭിച്ചിട്ടുണ്ട്. ഭക്ഷ്യസുരക്ഷാ പദ്ധതി ആരംഭിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് ലഭിച്ചുകൊണ്ടിരിക്കുന്ന അലോട്ട്മെന്റിൽ കുറവ് വരരുതെന്നും ഡോർ ഡെലിവറി നടത്തുന്നതിനുള്ള സാമ്പത്തിക സഹായത്തിന്റെ കാര്യത്തിലും ധർമ്മസ്ഥാപനങ്ങൾക്കുള്ള അലോട്ട്മെന്റിന്റെ കാര്യത്തിലും വ്യക്തത വരുത്തണമെന്നും കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഭക്ഷ്യസുരക്ഷാ നിയമവുമായി ബന്ധപ്പെട്ട എല്ലാ ചർച്ചകളിലും ഈ വിഷയങ്ങൾ ഉന്നയിക്കുകയും ക്ലാരിഫിക്കേഷനുകൾക്ക്

അനുസൃതമായി ഈ നിയമം സംസ്ഥാനത്ത് നടപ്പാക്കാൻ കേരളം തയ്യാറാണെന്ന് കേന്ദ്രത്തെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീ. സി. ദിവാകരൻ: നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റംമൂലം പാവപ്പെട്ട ജനങ്ങൾ പൊറുതി മുട്ടുകയാണ്. ജനങ്ങൾ വിലക്കയറ്റത്തിന്റെ കെടുതികൾ അനുഭവിക്കുമ്പോൾ അവർക്ക് സഹായഹസ്തമായി എത്തേണ്ട ഏജൻസികൾപോലും അതിൽനിന്നും പിൻമാറുകയാണ്. കേന്ദ്ര സർക്കാർ റേഷൻ സാധനങ്ങളുടെ വില വർദ്ധിപ്പിച്ചും സംസ്ഥാന സർക്കാർ കൊടുക്കേണ്ട സബ്സിഡികൾ നിർത്തൽ ചെയ്തും ഇപ്പോൾ പൊതുവിതരണ സമ്പ്രദായം തകർത്തിരിക്കുകയാണ്. സപ്ലൈകോ മുഖേനയുള്ള നിത്യോപയോഗ സാധനങ്ങൾക്ക് കഴിഞ്ഞ എൽ. ഡി. എഫ്. സർക്കാർ ഏർപ്പെടുത്തിയ വിലനിലവാരം ഇപ്പോൾ ഇരട്ടിയാക്കി വർദ്ധിപ്പിച്ചിരിക്കുകയാണ്. ത്രിവേണി സ്റ്റോറുകൾ പ്രവർത്തനരഹിതമാണ്. തീരദേശത്തെ പാവപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് അർഹമായ മണ്ണെണ്ണ ലഭിക്കാത്തതിനാൽ മത്സ്യബന്ധനം നടത്താൻ സാധിക്കുന്നില്ല. ഭക്ഷ്യ സുരക്ഷാനിയമം നടപ്പിലാക്കുന്നതോടുകൂടി കേരളത്തിലെ പൊതുവിതരണ സമ്പ്രദായം തകരുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. വിലക്കയറ്റം നിയന്ത്രിക്കുന്നതിന് കമ്പോള ഇടപെടൽ നടത്തുന്നതിനും ഉല്പാദന

കേന്ദ്രങ്ങളിൽനിന്നും ഭക്ഷ്യധാന്യങ്ങൾ സംഭരിക്കുന്നതിനും അവ സ്റ്റോക്ക് ചെയ്യുന്നതിനും സർക്കാർ തയ്യാറാകണം. എസൻഷ്യൽ കമ്മോഡിറ്റീസ് ആക്ടിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടു. പൊതുവിതരണ സമ്പ്രദായം മാഫിയകൾ കയ്യടക്കിയിരിക്കുകയാണ്. കർഷകർക്ക് നെല്ലിന്റെ സംഭരണ വില നൽകാൻ സാധിച്ചിട്ടില്ല. സബ്സിഡി റേറ്റിൽ സപ്ലൈകോ വഴി വിതരണം ചെയ്യുന്ന നിത്യോപയോഗ സാധനങ്ങളുടെ എണ്ണം 13-ൽനിന്ന് 9 ആക്കി കുറച്ചിരിക്കുന്നത് പ്രതിഷേധാർഹമാണ്. യാതൊരുവിധത്തിലുള്ള സാമൂഹ്യ പ്രതിബദ്ധതയുമില്ലാത്ത സർക്കാരാണിത്. കരിഞ്ചന്തക്കാർക്കെതിരെ നടപടി സ്വീകരിക്കാനും ഈ വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യാനും സർക്കാർ തയ്യാറാകണം.

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (<u>ശ്രീ. അനൂപ് ജേക്കബ്</u>): സപ്ലൈകോവഴി സബ്സിഡി ഇനത്തിൽ 13 ഇനം നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യുന്നുണ്ട്. പൊതുവിതരണ സമ്പ്രദായംവഴി അരി, ഗോതമ്പ്, മണ്ണെണ്ണ അടക്കമുള്ള സാധനങ്ങൾ കൃത്യമായിത്തന്നെ നൽകുന്നുണ്ട്. റേഷൻ സാധനങ്ങളുടെ വില വർദ്ധിപ്പിച്ചിട്ടില്ലെന്നു മാത്രമല്ല, സർക്കാർ ഒരു രൂപയുടെ അരി നൽകുന്ന പദ്ധതി ആരംഭിക്കുകയാണുണ്ടായത്. കഴിഞ്ഞ സാമ്പത്തിക വർഷം

സപ്ലൈകോവഴി സബ്സിഡി ഇനത്തിൽ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യതിലൂടെ 311 കോടി രൂപ കോർപ്പറേഷൻ വഹിച്ചുവെന്നത് സർക്കാരിന്റെ സാമൂഹ്യ പ്രതിബദ്ധത തെളിയിക്കുന്ന കാര്യമാണ്. മത്സ്യമേഖലയ്ക്ക് നൽകുന്ന മണ്ണെണ്ണ വിഹിതത്തിൽ യാതൊരു കുറവും സർക്കാർ വരുത്തിയിട്ടില്ല. എൽ.പി.ജി. കണക്ഷൻ വർദ്ധിക്കുന്നതിനനുസൃതമായി കേന്ദ്ര സർക്കാർ മണ്ണെണ്ണയുടെ വിഹിതം കുറയ്ക്കുകയാണ്. മണ്ണെണ്ണ വിഹിതം വർദ്ധിപ്പിക്കണമെന്നും നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്നതിൽനിന്ന് കുറവു വരുത്തരുതെന്നും കേന്ദ്ര സർക്കാരിനോട് ശക്തമായി ആവശ്യപ്പെടുന്നുണ്ട്. നെല്ലിന്റെ താങ്ങുവില 19 രൂപയാക്കി വർദ്ധിപ്പിച്ചതിനുപുറമേ പ്രോസ്സസിംഗ് കഴിഞ്ഞ് വിപണിയിലെത്തുമ്പോൾ ഉണ്ടാകുന്ന വില നിയന്ത്രിക്കുകയും ചെയ്തിട്ടുണ്ട്. കോട്ടയം ജില്ലയിൽ നവംബർ 10-ാം തീയതിവരെയും ആലപ്പുഴ ജില്ലയിൽ നവംബർ 5 വരെയും പാലക്കാട് ജില്ലയിൽ നവംബർ 7 വരെയും സംഭരിച്ച നെല്ലിന്റെ വില പൂർണ്ണമായും കൊടുത്തുതീർത്തിട്ടുണ്ട്. 1,28,000 ടൺ നെല്ല് സംഭരിച്ചതിന്റെ വിലയായി സിവിൽ സപ്ലൈസ് കോർപ്പറേഷൻ 190 കോടി രൂപ കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. ബാക്കി തുക ഉടനെതന്നെ കൊടുത്തുതീർക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. പൊതു വിപണിയിൽ ശക്തമായ ഇടപെടൽ സർക്കാർ നടത്തുന്നുണ്ട്. 2014

ഡിസംബർ മാസം 10-ാം തീയതി മുതൽ ജില്ലാ ആസ്ഥാനങ്ങളിൽ ക്രിസ്തുമസ് ചന്തകൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ. വി. എസ്. അച്യുതാനന്ദൻ, ഇ. ചന്ദ്രശേഖരൻ, മാത്യു റ്റി. തോമസ്, എ. കെ. ശശീന്ദ്രൻ എന്നീ പ്രതിപക്ഷകക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അല്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

**ശ്രദ്ധക്ഷണിക്കൽ**

(1) തീരദേശവാസികൾ നേരിടുന്ന പ്രശ്നങ്ങൾ

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: 2011-ലെ കേന്ദ്ര തീരദേശ നിയന്ത്രണ നിയമംമൂലം വീട് വയ്ക്കുന്നതിനോ നിലവിലുള്ളവ പുതുക്കി പണിയുന്നതിനോ കഴിയാതെ കേരളത്തിലെ പരമ്പരാഗത മത്സ്യത്തൊഴിലാളികളടക്കമുള്ള തീരദേശവാസികൾ അങ്ങേയറ്റം ഭീതിയിലും ആശങ്കയിലുമാണ്. ആഴക്കടൽ മത്സ്യബന്ധന നയം സമഗ്രമായി പഠിക്കാനും

മാർഗ്ഗനിർദ്ദേശങ്ങൾ പുന:പരിശോധിക്കാനും നിയമിച്ച ഡോ. ബി. മീനാകുമാരി കമ്മീഷൻ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ തീരദേശവാസികൾക്ക് പ്രയാസങ്ങൾ സൃഷ്ടിച്ചിരിക്കുകയാണ്. തീരദേശത്തോടൊപ്പം കടലും ആഴക്കടലും കേന്ദ്ര നിയമത്തിന്റെ പരിധിയിൽ വരുന്നതിനാൽ പരമ്പരാഗതമായി കടലോരത്ത് താമസിക്കുന്നവർക്ക് ഇരുന്നൂറ് മീറ്റർ ചുറ്റളവിലുള്ള പ്രദേശത്ത് വീട് പണിയാൻ പാടില്ലെന്ന് നിയമത്തിൽ അനുശാസിക്കുന്നു. 2011 ജനുവരി മാസത്തിൽ അന്തിമ വിജ്ഞാപനം പുറത്തിറങ്ങുന്നതുവരെ സംസ്ഥാന ഗവൺമെന്റ് എതിരഭിപ്രായം രേഖപ്പെടുത്താതിരുന്നതും ഖേദകരമാണ്. CRZ-I-ൽ പരിസ്ഥിതി ലോലപ്രദേശമായി പ്രഖ്യാപിച്ച് നിയന്ത്രണങ്ങളേർപ്പെടുത്തുമ്പോൾ CRZ-II-ൽ ഉൾപ്പെട്ട മുനിസിപ്പൽ പട്ടണ പ്രദേശങ്ങൾക്ക് വ്യവസ്ഥ ബാധകമാകുന്നില്ല. കോസ്റ്റൽ സോൺ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുമ്പോൾ ഇരുന്നൂറ് മീറ്റർ ചുറ്റളവിൽ വീട് വയ്ക്കാൻ പാടില്ല എന്നത് അമ്പത് മീറ്ററാക്കി കുറയ്ക്കാനും വസ്തുവിന്റെ മൂന്നിലൊരു ഭാഗത്തിൽ മാത്രമേ തറ നിർമ്മിക്കാൻ പാടുള്ളൂവെന്നുമുള്ള വ്യവസ്ഥ ഭേദഗതി ചെയ്യാനും തീരദേശനിയന്ത്രണ നിയമംമൂലം വീട് വയ്ക്കാൻ കഴിയാത്ത മത്സ്യത്തൊഴിലാളികൾക്ക് അതേ തീരപ്രദേശത്തുതന്നെ വീട് വയ്ക്കാനുമുള്ള സംവിധാനം ഏർപ്പെടുത്താനും

അടിയന്തര നടപടികളുണ്ടാകണം. ആഴക്കടൽ മേഖലയിൽ അഞ്ഞൂറ് മീറ്ററിനപ്പുറമുള്ള പ്രദേശത്തെ മത്സ്യസമ്പത്ത് ചൂഷണം ചെയ്യാൻ വിദേശ കപ്പലുകൾക്ക് അനുമതി നൽകാനുള്ള നീക്കം പ്രതിഷേധാർഹമാണ്. കേരളത്തിലെ പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ബാധിക്കാത്തവിധം തീരദേശ നിയന്ത്രണ നിയമനിർമ്മാണം നടത്തുന്നതിനും ഡോ. ബി. മീനാകുമാരി കമ്മീഷൻ റിപ്പോർട്ടിലെ ആശങ്കകൾ ദൂരീകരിക്കുന്നതിനും കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തണം. കേരളത്തിലെ പരിചയസമ്പന്നരായ മത്സ്യത്തൊഴിലാളികൾക്ക് പരിശീലനം നൽകുകയും ആഴക്കടൽ മത്സ്യബന്ധനത്തിന് അനുമതി നൽകുകയും വേണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): കേരളത്തിലെ തീരപ്രദേശത്ത് പരമ്പരാഗതമായി താമസിക്കുന്നവരും മത്സ്യത്തൊഴിലാളികളും വളരെയധികം ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നതിനാൽ തീരപ്രദേശത്ത് അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടി വിപുലമായ സംവിധാനങ്ങൾ ഏർപ്പെടുത്താൻ തീരുമാനിച്ചിരിക്കുകയാണ്. 06.01.2011-ൽ തീരദേശ പരിപാലന ചട്ടങ്ങൾ പരിഷ്കരിച്ചതുമൂലം വളരെയേറെ ബുദ്ധിമുട്ടുകൾ ഉണ്ടായിരിക്കുന്നതിനാൽ തീരദേശ നിയന്ത്രണ നിയമത്തിൽ അടിയന്തരമായി വരുത്തേണ്ട മാറ്റങ്ങൾ നിർദ്ദേശിച്ചുകൊണ്ടുള്ള നിവേദനം കേന്ദ്ര പരിസ്ഥിതി

വകുപ്പിന് നൽകുകയും ഇക്കാര്യത്തിൽ കേരളത്തിനുള്ള ആശങ്ക പ്രധാനമന്ത്രിയെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര പരിസ്ഥിതി വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയ കമ്മിറ്റി കേരളത്തിലെ ബന്ധപ്പെട്ട മന്ത്രിമാരുമായി ഇക്കാര്യങ്ങൾ ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളികളുടെയും പരമ്പരാഗതമായി തീരദേശത്ത് താമസിക്കുന്നവരുടേയും വീടുകളുടെയും ജീവനോപാധികളുടെയും കാര്യത്തിൽ പൂർണ്ണ സ്വാതന്ത്ര്യം ഉണ്ടാകുന്നതിനുവേണ്ടി സംസ്ഥാനത്തിന്റെ ശക്തമായ നിലപാട് കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്. വിദേശ കപ്പലുകൾ മത്സ്യബന്ധനം നടത്തുന്നത് അനുവദിച്ചുകൊണ്ടുള്ള ഡോ. മീനാകുമാരി കമ്മിറ്റി റിപ്പോർട്ട് സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുമന്ത്രി സബ്മിഷന് മറുപടി നൽകുന്നതാണ്. മത്സ്യത്തൊഴിലാളികളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## (2) ഇടക്കാലാശ്വാസം

ശ്രീ. സി. ദിവാകരൻ: സംസ്ഥാനത്തെ സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും അഞ്ച് വർഷത്തിലൊരിക്കൽ ശമ്പളപരിഷ്കരണം നടപ്പാക്കുക എന്ന വ്യവസ്ഥ ലംഘിച്ചിരിക്കുന്നു. 2014 ജൂലൈ മാസത്തിലാണ് ശമ്പളം

പരിഷ്കരിക്കേണ്ടിയിരുന്നത്. ശമ്പള കമ്മീഷനെ നിയമിച്ചിട്ടും പ്രാഥമിക റിപ്പോർട്ട് പോലും നൽകാത്ത കമ്മീഷന്റെ കാലാവധി വീണ്ടും ആറ് മാസത്തേക്കുകൂടി നീട്ടിയിരിക്കുന്നതുവഴി ശമ്പളപരിഷ്കരണം നടപ്പിലാക്കാൻ ഇനിയും കാലതാമസമുണ്ടാകും. സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി ഇല്ലെങ്കിൽ സർക്കാർ ജീവനക്കാർക്കുള്ള ശമ്പളപരിഷ്കരണം നടപ്പിലാക്കണം. ശമ്പളപരിഷ്കരണം നീട്ടിക്കൊണ്ടുപോകുന്നതിന്റെ കാരണം ഗവൺമെന്റ് വ്യക്തമാക്കുകയും ജീവനക്കാർക്ക് ഇടക്കാലാശ്വാസം നൽകുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്യണം. നിത്യോപയോഗ സാധനങ്ങളുടെ വില, നികുതി, ഇലക്ട്രിസിറ്റി ചാർജ്, ബസ് ചാർജ് എന്നിവ വർദ്ധിച്ച സാഹചര്യത്തിൽ ശമ്പളപരിഷ്കരണം നടപ്പിലാക്കാത്തതുമൂലം ഗവൺമെന്റ് ജീവനക്കാരെ അഴിമതിയിലേയ്ക്ക് നയിക്കുകയാണ് ചെയ്യുന്നത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ജീവനക്കാരെ വിശ്വാസത്തിലെടുത്താണ് ഈ ഗവൺമെന്റ് പ്രവർത്തിക്കുന്നത്. അവരുടെ ആവശ്യങ്ങൾ തള്ളിക്കളയുകയില്ല. വികസന പ്രവർത്തനങ്ങൾക്കും പാവപ്പെട്ടവർക്കും രോഗികൾക്കും സഹായമെത്തിക്കുന്നതിനുവേണ്ടിയും പണം ചെലവഴിക്കുന്നതു കൊണ്ട് സാമ്പത്തിക ബുദ്ധിമുട്ടുകൾ ഉണ്ടെങ്കിലും ജീവനക്കാർക്ക് ഡി.എ. കുടിശ്ശികയില്ല. ശമ്പളപരിഷ്കരണം

നടപ്പാക്കുന്നതിനുവേണ്ടി നിയമിച്ച കമ്മീഷന്റെ പ്രവർത്തനം അവസാന ഘട്ടത്തിലാണ്. കമ്മീഷൻ റിപ്പോർട്ട് ലഭിച്ചാലുടൻതന്നെ ശുപാർശകൾ നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## ക്രമപ്രശ്നം

ഒരേ വിഷയം ആവർത്തിച്ച് ഉന്നയിക്കപ്പെടുന്നത് സംബന്ധിച്ച്

ശ്രീ. പി.സി. വിഷ്ണുനാഥ്: റൂൾ 304(2) പ്രകാരം അടിയന്തര പ്രമേയമായി സഭയിൽ വന്ന അതേ വിഷയം വീണ്ടും സഭയിൽ ഉന്നയിക്കപ്പെടുന്നത് ചട്ടങ്ങൾക്ക് വിരുദ്ധമാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ : നിയമസഭാ നടപടിക്രമങ്ങളും കാര്യ നിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിൽ 304(2)-ൽ പറയുന്നത് സഭയിൽ ഒരു പ്രാവശ്യം വന്ന വിഷയം വീണ്ടും ചർച്ച ചെയ്യാൻ പാടില്ല എന്നാണ്. പ്രതിപക്ഷനേതാവ് തന്ന നോട്ടീസായതുകൊണ്ടാണ് ഇന്ന് ഈ വിഷയം സബ്മിഷനായി അനുവദിച്ചിരിക്കുന്നത്

## സബ്മിഷൻ

ബാർ കോഴ

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദൻ): ബാർ കോഴ സംബന്ധിച്ച് ഉയർന്നുവന്ന ആരോപണങ്ങൾ എഫ്.ഐ. ആർ. രജിസ്റ്റർ ചെയ്ത്

അന്വേഷിക്കുന്നതിന് നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): ബാർ നിരോധനം പിൻവലിക്കുന്നതിനായി ധനകാര്യമന്ത്രി ശ്രീ. കെ. എം. മാണിക്ക് ഒരു കോടി രൂപ നൽകിയതായുള്ള ഡോ. ബിജു രമേശിന്റെ ആരോപണം സംബന്ധിച്ച് അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കണമെന്ന് പ്രതിപക്ഷ നേതാവ് വിജിലൻസ് ഡയറക്ടർക്ക് കത്ത് കൊടുത്തുവെങ്കിലും അതിൽ നേരിട്ട് കേസ് എടുത്ത് അന്വേഷിക്കത്തക്കതായി വസ്തുതകളൊന്നുമില്ലാതിരുന്നതു കൊണ്ടാണ് സത്വര അന്വേഷണത്തിന് ഉത്തരവിട്ടത്. അന്വേഷണം പൂർത്തിയാകുന്ന മുറയ്ക്ക് എഫ്. ഐ. ആർ. രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തണമോ എന്ന് തീരുമാനിക്കും. സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിലാണ് വിജിലൻസ് മുമ്പോട്ടുപോകുന്നത്. ഇക്കാര്യത്തിൽ സാക്ഷികളായവർ മൊഴി കൊടുക്കാൻ തയ്യാറാകുന്നില്ല എന്നൊരു പ്രശ്നവുമുണ്ട്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: വിജിലൻസ് അന്വേഷണം നടന്നുകൊണ്ടിരിക്കേ മുഖ്യമന്ത്രിയും ആഭ്യന്തരമന്ത്രിയും ഉൾപ്പെടെ യു.ഡി.എഫ്. ഉന്നതാധികാര യോഗം ചേർന്ന് ശ്രീ. കെ. എം. മാണി നിരപരാധിയാണെന്ന് പ്രഖ്യാപിക്കുമ്പോൾ ഒരു വിജിലൻസ് ഓഫീസർക്കും

അതിനെതിരായി പ്രവർത്തിക്കാൻ ധൈര്യമുണ്ടാകില്ല.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: യു.ഡി.എഫ്. -ലെ ഘടക കക്ഷി എന്ന നിലയിൽ യു.ഡി.എഫ്. യോഗംകൂടി പിന്തുണ പ്രഖ്യാപിച്ചതാണ്. കേസന്വേഷണത്തിൽ ഗവൺമെന്റ് ഇടപെടുകയില്ല. വിജിലൻസ് നിഷ്പക്ഷവും നീതിയുക്തവുമായേ പ്രവർത്തിക്കുകയുള്ളുവെന്ന കാര്യത്തിൽ സഭയ്ക്ക് ഉറപ്പ് നൽകുകയാണ്. അന്വേഷണം ഏത് നിലയിൽ പോകണമെന്ന് മന്ത്രിക്ക് നിർദ്ദേശിക്കാൻ സാധിക്കുകയില്ല. കേസിന്റെ മെറിറ്റ് അനുസരിച്ച് അന്വേഷണ ഉദ്യോഗസ്ഥരാണ് അത് തീരുമാനിക്കുന്നത്. ഇതിനകംതന്നെ ഇത് സംബന്ധിച്ച് കോടതി മുമ്പാകെ റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ട്. സമയബന്ധിതമായി അന്വേഷണം നടത്തി മുമ്പോട്ടുപോകുന്നതാണ്.

(ഈ വിഷയം സംബന്ധിച്ച് ശ്രീ. സണ്ണി ജോസഫ് എം.എൽ.എ. യും നോട്ടീസ് നൽകിയിട്ടുണ്ട്. )

(പ്രതിപക്ഷാംഗങ്ങൾ ബാർ കോഴ സംബന്ധിച്ച് എഫ്. ഐ. ആർ. ഇട്ട് അന്വേഷണം നടത്തണമെന്നാവശ്യപ്പെട്ട് മുദ്രാവാക്യം വിളിച്ചുകൊണ്ട് സ്പീക്കറുടെ ഡയസ്സിൽ കയറി മൈക്കിലൂടെ മുദ്രാവാക്യം വിളിക്കുകയുണ്ടായി. )

(ബഹളം മൂലം 10.55-ന് സഭ അല്പസമയത്തേയ്ക്ക് നിറുത്തിവച്ചു)

(10.55-ന് നിറുത്തിവച്ച സഭ 12.25-ന് പുനരാരംഭിച്ചു)

## അറിയിപ്പ്

### സഭയ്ക്കുള്ളിലെ അംഗങ്ങളുടെ മോശമായ പെരുമാറ്റം

മി. ഡെപ്യൂട്ടി സ്പീക്കർ: വളരെ നിർഭാഗ്യകരമായ സംഭവങ്ങളാണ് ഈ സഭയിൽ നടന്നത്. ഈ വിഷയത്തെ സംബന്ധിച്ച് ഭരണ-പ്രതിപക്ഷ കക്ഷികളുമായി സംസാരിച്ചുവെങ്കിലും യോജിച്ചൊരു തീരുമാനമെടുക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ലാത്ത സാഹചര്യത്തിൽ ചെയറിന്റെ അഭിപ്രായം രേഖപ്പെടുത്തുന്നു. ഇന്ന് സഭ സമ്മേളിച്ചുകൊണ്ടിരുന്നപ്പോഴുണ്ടായ സംഭവങ്ങൾ വളരെ ദൗർഭാഗ്യകരമാണ്. ബഹുമാനപ്പെട്ട അംഗങ്ങളായ സർവ്വശ്രീ വി. ശിവൻകുട്ടി, ബാബു എം. പാലിശ്ശേരി, റ്റി. വി. രാജേഷ്, പി. ശ്രീരാമകൃഷ്ണൻ, ആർ രാജേഷ് എന്നിവരും മറ്റു ചില അംഗങ്ങളും ഡയസിൽ കയറുകയും ഉച്ചത്തിൽ മുദ്രാവാക്യം മുഴക്കി സഭാ നടപടികൾ തടസ്സപ്പെടുത്തുകയും ചെയ്തു. ശ്രീ. വി. ശിവൻകുട്ടി ചെയറിന്റെ മൈക്ക് പിടിച്ചു വലിക്കുകയും അതിലൂടെ ഉച്ചത്തിൽ മുദ്രാവാക്യം വിളിക്കുകയും ചെയ്തു. അംഗങ്ങളുടെ ഈ പെരുമാറ്റം നിയമസഭാ സാമാജികരുടെ പെരുമാറ്റച്ചട്ടത്തിന്റെ ലംഘനവും സഭയോടുള്ള അനാദരവും ഗുരുതരമായ അച്ചടക്കലംഘനവുമാണ്. എന്തൊക്കെ പ്രകോപനമുണ്ടായാലും വാച്ച് ആന്റ് വാർഡിനെ സഭയ്ക്കുള്ളിലേയ്ക്ക്

വിളിക്കരുതെന്ന സഭാദ്ധ്യക്ഷന്റെ തീരുമാനം കഴിഞ്ഞ മൂന്നു വർഷമായി പാലിച്ചുവരുന്നു. ഇതൊരു ബലഹീനതയായി ചില അംഗങ്ങൾ കണ്ടുവെന്ന് ഇന്നത്തെ സംഭവങ്ങൾ സൂചിപ്പിക്കുന്നു. സഭയുടെ അന്തസ്സ് നിലനിറുത്തുന്നതിന് എല്ലാ ഭാഗത്തുനിന്നുമുള്ള സഹകരണത്തോടൊപ്പം ഇത്തരം സംഭവങ്ങൾ ഒഴിവാക്കുവാൻ എല്ലാ കക്ഷിനേതാക്കന്മാരും ശ്രദ്ധിക്കണമെന്നുകൂടി അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ഇന്ന് സഭാസമ്മേളന സമയത്ത് സർവ്വശ്രീ. വി. ശിവൻകുട്ടി, ബാബു എം. പാലിശ്ശേരി, റ്റി. വി. രാജേഷ്, പി. ശ്രീരാമകൃഷ്ണൻ, ആർ. രാജേഷ് എന്നീ അംഗങ്ങൾ സ്പീക്കറുടെ ഡയസിൽ കയറുകയും മുദ്രാവാക്യം മുഴക്കുകയും സഭാ നടപടികൾ തടസ്സപ്പെടുത്തുകയും ചെയ്തു. ശ്രീ. വി. ശിവൻകുട്ടി ഡെപ്യൂട്ടി സ്പീക്കറുടെ മൈക്ക് പിടിച്ചുവലിക്കുകയും അതിലൂടെ മുദ്രാവാക്യം വിളിച്ച് സഭാ നടപടികൾ അലങ്കോലപ്പെടുത്തുകയുമുണ്ടായി. മേൽപ്പറഞ്ഞ അംഗങ്ങളുടെ നടപടി സഭയോടുള്ള കടുത്ത അനാദരവും അച്ചടക്കലംഘനവുമാണ്. നിയമസഭാ സാമാജികരുടെ പെരുമാറ്റച്ചട്ടത്തിന്റെ ലംഘനം ഇക്കാര്യത്തിൽ ഉണ്ടായിരിക്കുന്നതിനാൽ അച്ചടക്ക ലംഘനം നടത്തിയ ശ്രീ. വി. ശിവൻകുട്ടിയെ ഇന്ന് സഭ പിരിയുന്നതുവരെ സഭയിൽ നിന്ന് സസ്പെൻറ്

ചെയ്യുന്നതിനും സർവ്വശ്രീ. ബാബു എം. പാലിശ്ശേരി, റ്റി. വി. രാജേഷ്, പി. ശ്രീരാമകൃഷ്ണൻ, ആർ. രാജേഷ് എന്നീ അംഗങ്ങളെ കർശനമായി താക്കീത് ചെയ്യുന്നതിനും സഭ തീരുമാനിക്കുന്നു, എന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): പ്രമേയത്തെ പിന്താങ്ങുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്രമേയം സഭ അംഗീകരിച്ചു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭയുടെ നടുത്തളത്തിലിരുന്ന് മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്നു. )

## റിപ്പോർട്ട് സമർപ്പണം

കാര്യോപദേശക സമിതിയുടെ പതിനെട്ടാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## റിപ്പോർട്ട് പരിഗണന

കാര്യോപദേശക സമിതിയുടെ പതിനെട്ടാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

മി. ഡെപ്യൂട്ടി സ്പീക്കർ: ഇന്നത്തെ എല്ലാ സബ്മിഷനുകളും റദ്ദ് ചെയ്തിരിക്കുന്നു. മറുപടി അതാത് അംഗങ്ങൾക്ക് അയച്ചുകൊടുക്കേണ്ടതാണ്.

## നിയമനിർമ്മാണകാര്യം

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

## (1) 2014-ലെ കേരള മാരിടൈം ബോർഡ് ബിൽ

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): 2014-ലെ കേരള മാരിടൈം ബോർഡ് ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്തുവയ്ക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): 2014-ലെ കേരള മാരിടൈം ബോർഡ് ബിൽ മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച V-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): പ്രമേയത്തെ പിന്താങ്ങുന്നു.

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു):

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

2014-ലെ കേരള മാരിടൈം ബോർഡ് ബിൽ മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച V-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

## (2) 2014-ലെ കേരള കാർഷിക സർവ്വകലാശാല (ഭേദഗതി) ബിൽ

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): 2014-ലെ കേരള കാർഷിക സർവ്വകലാശാല (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദികരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്തുവയ്ക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): 2014-ലെ കേരള കാർഷിക സർവ്വകലാശാല (ഭേദഗതി) ബിൽ കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധവും സംബന്ധിച്ച I-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): പ്രമേയത്തെ പിന്താങ്ങുന്നു.

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): ബിൽ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

2014-ലെ കേരള കാർഷിക സർവ്വകലാശാല (ഭേദഗതി) ബിൽ കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധവും സംബന്ധിച്ച I-ാം നമ്പർ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

സഭ ഉച്ചയ്ക്കുശേഷം 12.30-ന് പിരിഞ്ഞു.

*************